# ലോക കേരള സഭ : പ്രവാസി പഠനവിദഗ്ദ്ധർ പടിക്ക് പുറത്ത്

ഇന്ന് ലോക കേരള സഭയുടെ പ്രഥമ സമ്മേളനം തിരുവനന്തപുരത്ത് നടക്കുകയാണ്. ലോകത്തെമ്പാടുമുള്ള കേരളീയരുടെ കൂട്ടായ്മ പ്രോത്സാഹിപ്പിക്കുക, കേരളത്തിന്റെ വികസനത്തിനും പ്രവാസികളുടെ ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുക എന്നതാണ് ലോക കേരള സഭയുടെ ലക്ഷ്യം. ഇത് സ്വാഗതാർഹമായ ഒരു സംരംഭം ആണ്. കേരള നിയമസഭാംഗങ്ങൾ, കേരളത്തിൽ നിന്നുമുള്ള പാർലമെന്റ് അംഗങ്ങൾ, ഇന്ത്യയ്ക്ക് പുറത്തും, മറ്റ് സംസ്ഥാനങ്ങളിലും ഉള്ള പ്രവാസി പ്രതിനിധികൾ തുടങ്ങിയവർ അടക്കം 351 അംഗങ്ങളാണ് ഈ സഭയിലുള്ളത്. കേരളത്തിൽ നിന്നുള്ള കുടിയേറ്റവും, മടങ്ങിവരവും, അനുബന്ധ പ്രശ്നങ്ങളുമാണ് ഈ സഭ പ്രധാനമായും ചർച്ച ചെയ്യുന്നത്.

ഇവിടെ പ്രസക്തമായ ചോദ്യം ഇതാണ്. സുപ്രധാനമായ കുടിയേറ്റ വിഷയങ്ങൾ ചർച്ച ചെയ്യുന്ന സഭയിൽ ഒരു പ്രവാസി പഠന വിദഗ്ദ്ധനെയും ആവശ്യമില്ലേ? അവരെ പടിക്ക് പുറത്താണോ നിർത്തേണ്ടത്. കഴിഞ്ഞ നാല് ദശാബ്ദകാലത്തെ കേരളത്തിലെ കുടിയേറ്റ പഠനങ്ങൾ പരിശോധിച്ചാൽ ജനസംഖ്യാശാസ്ത്രം, സാമ്പത്തികശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ മേഖലകളിലുള്ള പണ്ഡിതൻമാർ നടത്തിയിരുന്ന പഠനങ്ങളിൽ നിന്നാണ് കുടിയേറ്റത്തെകുറിച്ച് നമുക്ക് അറിവ് ലഭിച്ചത് എന്ന് കാണാം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങളും, നടപടികളും രൂപപെടുത്തിയതും ഈ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ സഭയുടെ ചർച്ചയ്ക്കുള്ള കരടുരേഖ പോലും തയ്യാറാക്കിയിരിയ്ക്കുന്നത് ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിലാണ്.

പ്രശസ്ത ജനസംഖ്യാശാസ്ത്രജ്ഞരായ ഡോ. കെ. സി. സക്കറിയ, ഡോ. എസ്. ഇറുദയരാജൻ എന്നിവർ ചേർന്ന് നടത്തിയ അഞ്ചു കുടിയേറ്റ സർവേകൾ ഈ വിഷയത്തിലെ നാഴികക്കല്ലുകളാണ്. ഇതോടൊപ്പം കുടിയേറ്റത്തിന്റെ സാമ്പത്തിക, സാമൂഹ്യ മേഖലകളെ കുറിച്ച് മറ്റ് പലരും പഠനങ്ങൾ നടത്തിയിട്ടുണ്ട്. കുടിയേറ്റ പഠന വിദഗ്ദ്ധരെ പടിക്ക് പുറത്തു നിർത്തിയ നടപടി ഈ രംഗത്തുള്ളവരെ നിന്ദിക്കുന്നതിനു തുല്യമാണ്. ഇത്തരത്തിലുള്ള ഒരു സഭയ്ക്ക് ഈ രംഗത്ത് കാര്യമായ എന്തെങ്കിലും സംഭാവന നൽകാൻ കഴിയുമോ എന്നതും സംശയമാണ്. അറിവും ആശയങ്ങളുമാണ് ഒരു സമൂഹത്തെ മുന്നോട്ട് നയിക്കുന്നതെന്ന് നാം ഓർക്കണം.